**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലേലംകൊണ്ട തുകയുടെ ആനുപാതിക തുകയായ 39,999/- രൂപ (മുപ്പത്തി ഒൻപതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി ഒൻപത് രൂപ മാത്രം) കരാറുകാരനായ ശ്രീ. സജീവന് തിരികെ നൽകുന്നതിന് തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ)നം. 1668/2021/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം: 03/09/2021

---

പരാമർശം:- 1) 21.05.2019 തീയതിയിലെ തിരുവനന്തപുരം നഗരസഭാ കൗൺസിലിന്റെ തീരുമാനം നമ്പർ 3(എ) 3.

2) നഗരകാര്യ ഡയറക്ടറുടെ 16.04.2021 തീയതിയിലെ ജി1-4410/2021 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തിരുവനന്തപുരം നഗരസഭ വക ഗാന്ധി പാർക്ക് കോഫീ സ്റ്റാളിന്റെ 2017-18 സാമ്പത്തിക വർഷത്തേക്കുള്ള നടത്തിപ്പ് 1,60,000/- രൂപയ്ക്ക് ശ്രീ. സജീവന് ലേലം ചെയ്ത് നൽകിയിരുന്നു. ടിയാൻ ലേല തുക പൂർണ്ണമായും ഒടുക്കുകയും ചെയ്തു. എന്നാൽ ഗാന്ധി പാർക്കിന്റെ പാർക്കിംഗ് ഏരിയായിൽ നടന്ന ഗ്രാനൈറ്റ്, ഇന്റർലോക്ക് ഫിക്സിങ്ങ് എന്നീ അറ്റകുറ്റപണികൾക്ക് തടസ്സം വരാതിരിക്കുന്നതിനുവേണ്ടി ഗേറ്റും, കോഫി സ്റ്റാളും പൂട്ടുകയുണ്ടായി. അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച ശേഷമാണ് കോഫി സ്റ്റാൾ പ്രവർത്തിക്കാൻ സാധിച്ചത്. ആയതിനാൽ കോഫീ സ്റ്റാൾ പ്രവർത്തിക്കുവാൻ സാധിക്കാത്ത 25.09.2017 മുതൽ 02.01.2018 വരെയുള്ള കാലയളവിലെ ആനുപാതിക ലേല തുകയായ 39,999/- രൂപ സർക്കാരിന്റെ അനുമതിക്ക് വിധേയമായി കിസ്ത് ഇളവ് അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം തിരുവനന്തപുരം നഗരസഭാ കൗൺസിൽ തീരുമാനിച്ചു.

2) യഥാസമയം സ്ഥാപനം പ്രവർത്തിക്കുവാൻ സാധിക്കാത്തതിനാൽ ലേലംകൊണ്ട തുകയുടെ ആനുപാതിക തുകയായ 39,999/- രൂപ 1998-ലെ കേരള മുനിസിപ്പാലിറ്റി (പാട്ടക്കാർക്കും, ലൈസൻസികൾക്കും കരാറുകാർക്കും കിസ്ത് ഇളവ് അനുവദിക്കൽ) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം കരാറുകാരന് തിരികെ നൽകുന്നതിനുള്ള അനുമതി നൽകാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, തിരുവനന്തപുരം നഗരസഭ വക ഗാന്ധി പാർക്കിലെ കോഫീ സ്റ്റാൾ പ്രവർത്തിക്കുവാൻ സാധിക്കാത്ത 25.09.2017 മുതൽ 02.01.2018 വരെയുള്ള കാലയളവിലെ ലേലംകൊണ്ട തുകയുടെ ആനുപാതിക തുകയായ 39,999/- രൂപ

(മുപ്പത്തി ഒൻപതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി ഒൻപത് രൂപ മാത്രം) കരാറുകാരനായ ശ്രീ. സജീവന് തിരികെ നൽകുന്നതിന് തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന് 1998- ലെ കേരള മുനിസിപ്പാലിറ്റി (പാട്ടക്കാർക്കും, ലൈസൻസികൾക്കും കരാറുകാർക്കും കിസ്ത് ഇളവ് അനുവദിക്കൽ) ചട്ടം 4 പ്രകാരം അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സൗരഭ് ജെയിൻ**

**സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
✓സെക്രട്ടറി, തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-I/ ആഡിറ്റ്- II), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ത.സ്വ.ഭ.വ-ആർസി2/ 47/ 2021- ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

Bindu

സെക്ഷൻ ഓഫീസർ